**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1942 | 10.03.2020 ൽ മറുപടിയ്ക്ക്

**പി.ആർ.എസ്. വായ്പ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പാഡി റെസീറ്റ് ഷീറ്റ് മുഖേന ലഭിക്കുവാനുള്ള തുക ലഭിക്കാത്തതുമൂലം നെൽ കർഷകർ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; | (എ) | 2018-19 സീസണിൽ പി.ആർ.എസ് വായ്പ പദ്ധതിയിലൂടെ നെല്ലിന്റെ തുകയായി 1712.83 കോടി രൂപ പൂർണ്ണമായും സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള 16 ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൂടാതെ 2019-20 സീസണിൽ സപ്ലൈകോ നാളിതുവരെ സംഭരിച്ച നെല്ലിന്റെ ആകെ തുകയായ 611.26 കോടി രൂപയിൽ 376.88 കോടി രൂപ പി.ആർ.എസ് വായ്പയായും 1.73 കോടി രൂപ ഡയറക്ട് പേയ്മെന്റായും നൽകിയത് ഉൾപ്പെടെ ആകെ 378.27 കോടി രൂപ കർഷകർക്ക് നാളിതുവരെ ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പി.ആർ.എസ്. വായ്പ പ്രകാരം സപ്ലൈകോ ബാങ്കുകൾക്ക് നിലവിൽ എന്ത് തുകയാണ് നൽകുവാനുള്ളതെന്ന് വെളിപ്പെടുത്താമോ ; | (ബി) | പി.ആർ.എസ് വായ്പ പ്രകാരം 2018 – 19 സീസണിൽ ബാങ്കുകൾക്ക് തിരിച്ചടവ് ഇനത്തിൽ 1336.95 കോടി രൂപയാണ് സപ്ലൈകോ നൽകുവാനുള്ളത്. |
| (സി) | ബാങ്കുകൾക്ക് തുക നൽകുവാനുള്ള സാമ്പത്തിക സ്ഥിതി സപ്ലൈകോയ്ക്ക് ഇല്ലാത്തപക്ഷം കർഷകരെ സഹായിക്കുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന തുക കേന്ദ്ര വിഹിതമായി സപ്ലൈകോയ്ക്ക് ലഭ്യമാകുന്ന താങ്ങുവിലയിൽ നിന്നുമാണ്. കേന്ദ്ര വിഹിതം ലഭ്യമാകാൻ താമസം നേരിട്ടതിനാൽ ബാക്കി തിരിച്ചടവ് തുകയും ആയതിന്റെ പലിശയും തിരിച്ചടയ്ക്കുവാനായി താമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും പി.ആർ.എസ് വായ്പ തുക കർഷകർക്ക് സമയബന്ധിതമായി നൽകി വരുകയും ആയതിന്റെ തിരിച്ചടവ് തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് വായ്പാകാലാവധി കഴിഞ്ഞതിനാൽ പിഴ പലിശ സഹിതം തിരിച്ചടച്ച് കർഷകരുടെ "സിബിൽ സ്കോറി"നെ ബാധിതിരിക്കാൻ വേണ്ട |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ബാങ്ക് കുടിശ്ശിക സർക്കാർ അടച്ച് രണ്ടാം കൃഷിക്കുള്ള പി.ആർ.എസ്. വായ്പ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 22.01.2020 ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020 നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ് ലോൺ കുടിശ്ശിക കേന്ദ്രഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI യുടെ അനുമതിയ്ക്ക് വിധേയമായി 31.03.2020 വരെ നിലനിൽക്കുന്ന മോറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA യിൽ നിന്നും കർഷകരെ ഒഴിവാക്കി രണ്ടാം കൃഷിയ്ക്കുള്ള പി.ആർ.എസ് സ്വീകരിക്കുവാനും തുടർവായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ